Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

1237/സി/2014/കെഎസ്എച്ച്ഒ 04.06.2018

## സർക്കുലർ

വിഷയം: **സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – എൻ.ആർ.എൽ.എം. – വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് – മാർഗ്ഗ നിർദ്ദേശം ഭേദഗതി വരുത്തുന്നത്** – സംബന്ധിച്ച്.

സൂചന: 1. 14.11.2016–ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ
2. ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ 2018–19 സാമ്പത്തിക വർഷത്തെ വാർഷിക കർമ്മപദ്ധതി

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ/അയൽക്കൂട്ടാംഗങ്ങൾ നേരിടേണ്ടിവരുന്ന ആകസ്മിക പ്രശ്നങ്ങൾക്കുള്ള അടിയന്തര സഹായമെന്ന നിലയ്ക്ക് സൂചന(1) പ്രകാരം ഗ്രാമപ്രദേശങ്ങളിലെ എഡിഎസ് മുഖാന്തരം നൽകിവരുന്ന ഫണ്ടാണ് വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്(വി.ആർ.എഫ്.). സൂചന(2) പ്രകാരം 2018–19 സാമ്പത്തിക വർഷം സ്പെഷ്യൽ അയൽക്കൂട്ടങ്ങൾക്കും തീരദേശ അയൽക്കൂട്ടങ്ങൾക്കും മാത്രമാണ് വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് ദേശീയ ഗ്രാമീണ ഉപജീവനമിഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈസാമ്പത്തിക വർഷം സ്പെഷ്യൽ അയൽക്കൂട്ടങ്ങളും തീരദേശ അയൽക്കൂട്ടങ്ങളും കൂടുതലായുള്ള എ.ഡി.എസ്–ന് ടി ഫണ്ട് അനുവദിച്ചാൽ മതിയാകും.

ഒരു അയൽക്കൂട്ടത്തിന് പരമാവധി 15,000/– രൂപയാണ് വി.ആർ.എഫ്. ആയി നൽകാൻ കഴിയുന്നത്. ജില്ലയിൽ ഏറ്റവും കൂടുതൽ സ്പെഷ്യൽ അയൽക്കൂട്ടങ്ങളോ തീരദേശ അയൽക്കൂട്ടങ്ങളോ ഉള്ള എ.ഡി.എസ്–ന് അയൽക്കൂട്ടങ്ങളുടെ എണ്ണത്തിനാനുപാതികമായി പരമാവധി ഒരു ലക്ഷം രൂപ വരെ മാത്രം വി.ആർ.എഫ്. നൽകാവുന്നതാണ്. സ്പെഷ്യൽ/ തീരദേശ അയൽക്കൂട്ടങ്ങളുടെ എണ്ണം 7–ൽ കുറവാണെങ്കിൽ കർശനമായും അയൽക്കൂട്ടങ്ങളുടെ എണ്ണം x 15,000 എന്ന കണക്കിൽ മാത്രമേ എ.ഡി.എസ്–ന് ഫണ്ട് നൽകാവൂ.

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

അയൽക്കൂട്ടാംഗങ്ങൾ നേരിടേണ്ടി വരുന്ന ആകസ്മിക പ്രശ്നങ്ങൾ, അതായത് അസുഖം, അപകടം, പ്രകൃതി ദുരന്തം, പട്ടിണി തുടങ്ങിയവയ്ക്കുള്ള അടിയന്തിര വായ്പാസഹായമെന്ന നിലയ്ക്ക് എഡിഎസ് മുഖാന്തിരം ടി ഫണ്ട് നൽകേണ്ടതാണ്. ആകെ 15,000/- രൂപ അയൽക്കൂട്ടത്തിലെ ഒരു അംഗത്തിനോ അയൽക്കൂട്ടാംഗങ്ങൾക്ക് മുഴുവനായോ നൽകാവുന്നതാണ്. വി.ആർ.എഫ്. തുക അയൽക്കൂട്ടം ഒരു വർഷകാലയളവിനുള്ളിൽ 2% പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്. ഈ പലിശ എഡിഎസിന്റെ ഭരണനിർവ്വഹണ ചെലവിനായി വിനിയോഗിക്കാവുന്നതാണ്. വിആർഎഫ് ലഭ്യമാകുന്ന അയൽക്കൂട്ടത്തിന് അവരുടെ ഓരോ മാസത്തേയും തിരിച്ചടവ് ഗഡുക്കൾ പലിശ ഉൾപ്പെടെ (6 മുതൽ 12 വരെ മാസതവണകളായി) എഡിഎസ് മുൻകൂറായി ക്രമീകരിച്ചു നൽകേണ്ടതാണ്. കൂടാതെ വിആർഎഫ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. <u>അയൽക്കൂട്ടങ്ങൾ വിആർഎഫ് തിരിച്ചടയ്ക്കുന്ന മുറയ്ക്ക് അർഹരായ മറ്റ് അയൽക്കൂട്ടങ്ങൾക്ക് വിആർഎഫ് നൽകേണ്ടതാണ്.</u>

**എഡിഎസ്സിന് വി.ആർ.എഫ്. ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അർഹതാ മാനദണ്ഡങ്ങൾ:-**

- പ്രവർത്തനം ആരംഭിച്ച് 3 മാസം കഴിഞ്ഞ എഡിഎസ്സിനു മാത്രമേ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കുയുള്ളു.
- ബൈലോ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഇടവേളകളിൽ കൃത്യമായി യോഗം ചേരുന്നവയായിരിക്കണം.
- കുടുംബശ്രീ മിഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നവയായിരിക്കണം.
- എഡിഎസ്സിലെ മൂന്നുപേർ അടങ്ങിയ വിആർഎഫ് സബ് കമ്മിറ്റി രൂപീകരിച്ചിരിക്കണം.

**തിരിച്ചടവ് മേൽനോട്ടം**

- എല്ലാ മാസവും വിആർഎഫ് സബ് കമ്മിറ്റി അയൽക്കൂട്ടങ്ങളുടെ തിരിച്ചടവ് പരിശോധിക്കേണ്ടതാണ്.
- സി.ഡി.എസ്. അവരുടെ പരിധിയിലെ എഡിഎസ്സിലെ വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് വിതരണവും തിരിച്ചടവും മൂന്നുമാസത്തെ ഇടവേളയിൽ പരിശോധിച്ച് ജില്ലാമിഷന് റിപ്പോർട്ട് നൽകേണ്ടതാണ്. അയൽക്കൂട്ടങ്ങൾ വിആർഎഫ് തിരിച്ചടയ്ക്കുന്ന മുറയ്ക്ക് അർഹരായ മറ്റ് അയൽക്കൂട്ടങ്ങൾക്ക് വിആർഎഫ് നൽകുന്നുണ്ടോ എന്നും സി.ഡി.എസ്. അവലോകനം നടത്തേണ്ടതാണ്.

- എഡിഎസ്സിൽ 6 മാസം വരെ ഫണ്ട് നിഷ്ക്രിയമായി കിടക്കുന്നതായി ബോധ്യപ്പെട്ടാൽ ഫണ്ട് തിരികെ എടുത്ത് അർഹരായ മറ്റ് എഡിഎസ്സിന് നൽകാൻ ജില്ലാമിഷൻ ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3. എല്ലാ എഡിഎസ്സിനും (ജില്ലാ മിഷൻ മുഖേന)
4. കാസ്സ് ടീം (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം

അംഗീകാരത്തോടെ

അക്കൗണ്ട്സ് ഓഫീസർ